## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 713** **08-10-2024 - ൽ മറുപടിയ്ക്ക്**

### കാട്ടാക്കട മണ്ഡലത്തിലെ സോളാർ പാനൽ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട മണ്ഡലത്തിലെ വിവിധ സർക്കാർ സ്ഥാപനങ്ങളിലും സ്കൂളുകളിലും സോളാർ പാനൽ സ്ഥാപിക്കുന്നതിന് ബഡ്ജറ്റ് അനുമതി ലഭ്യമായ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ; തുടർ നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ; | (എ) | കാർബൺ ന്യൂട്രൽ കാട്ടാക്കട പദ്ധതിയുടെ ഭാഗമായി കാട്ടാക്കട നിയോജക മണ്ഡലത്തിലെ സർക്കാർ സ്ഥാപനങ്ങളിലും സ്കൂളുകളിലുമായി കെ. എസ്. ഇ. ബി. എൽ. മുഖേന ആകെ 54 സ്ഥലങ്ങളിൽ 455 കിലോവാട്ട് ശേഷിയുള്ള പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. ഈ പദ്ധതിക്ക് 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 60 ലക്ഷം രൂപ കെ.എസ്.ഇ. ബി.എൽ.-ന് ലഭിച്ചു കഴിഞ്ഞു. നാളിതുവരെ 327 കിലോവാട്ടിന്റെ സൗരോർജ്ജ നിലയങ്ങൾ വിവിധ സർക്കാർ സ്ഥാപനങ്ങളിലും സ്കൂളുകളിലുമായി സ്ഥാപിച്ചു കഴിഞ്ഞു. ബാക്കി 128 കിലോവാട്ടിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു . |
| (ബി) | കാട്ടാക്കട മണ്ഡലത്തിലെ ആറ് പഞ്ചായത്തുകളിലും ,വിവിധ സർക്കാർ സ്ഥാപനങ്ങളിലും, വീടുകളിലും സോളാർ പാനൽ സ്ഥാപിച്ചതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | കാട്ടാക്കട നിയോജക മണ്ഡലത്തിലെ ആറു പഞ്ചായത്തുകളിലും വിവിധ സർക്കാർ സ്ഥാപനങ്ങളിലുമായി കെ. എസ്. ഇ. ബി. എൽ. മുഖേന നാളിതുവരെ കാർബൺ ന്യൂട്രൽ കാട്ടാക്കട പദ്ധതിയിൽ 327 കിലോവാട്ടിന്റെ സൗരോർജ്ജ നിലയങ്ങൾ വിവിധ സർക്കാർ സ്ഥാപനങ്ങളിലും സ്കൂളുകളിലുമായി സ്ഥാപിച്ചു കഴിഞ്ഞു. കൂടാതെ സൗര ഫേസ് - 1 പദ്ധതിയിൽ ഉൾപ്പെടുത്തി 9 പുരപ്പുറ സൗരോർജ്ജ നിലയങ്ങളും, (28 kW സ്ഥാപിത ശേഷിയിൽ) സൗര സബ്സിഡി പദ്ധതി മുഖേന ഗാർഹിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിലായി 833.05 kW ന്റെ 229 സൗരോർജ്ജ നിലയങ്ങളും സ്ഥാപിച്ചിട്ടുണ്ട്.<br><br>കാട്ടാക്കട മണ്ഡലത്തിൽ അനെർട്ടിന്റെ ഡെപ്പോസിറ്റ് വർക്ക് ആയി താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഗവ. എം. എം. എസ്. കോളേജ് മലയിൻകീഴ് – 30 കിലോവാട്ട്<br><br>ഗവ. എൽ. പി. സ്കൂൾ കുളത്തുമ്മൽ - 3 കിലോവാട്ട് |

സെക്ഷൻ ഓഫീസർ